# ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം

(കേരള ദുരന്ത നിവാരണ അതോറിറ്റിയുടെ ഭിന്നശേഷിക്കാർക്കായുള്ള ദുരന്ത ലഘൂകരണ പദ്ധതിയുടെ വിശദീകരണം)

"Towards a Safer State for the differently abled"



ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ലോകജനസംഖ്യയുടെ 15 ശതമാനം ഏതെങ്കിലും തരത്തിലുള്ള വൈകല്യം നേരിടുന്നവരാണ്. ദേശീയ ജനസംഖ്യാ കണക്കു (2011) പ്രകാരം ഇന്ത്യയിൽ ജനസംഖ്യയുടെ 2.1 ശതമാനം വൈകല്യങ്ങൾ നേരിടുന്നവരാണ്. കേരള സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് 2015-ൽ പുറത്തിറക്കിയ സെൻസെസ് പ്രകാരം 7,93,937 ഭിന്നശേഷിക്കാർ കേരളത്തിൽ ഉണ്ട്.

2016 ൽ പാർലമെൻറ് പാസ്സാക്കിയ ഭിന്നശേഷിക്കാരുടെ അവകാശ നിയമം സെക്ഷൻ 8 (2) പ്രകാരം ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ പങ്ക് വ്യക്തമാക്കിയിട്ടുണ്ട്.

ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നത് വഴി വ്യക്തികളിലും സമൂഹത്തിലും ഉണ്ടാകുന്ന ദുരന്തത്തിൻറെ ആഘാതം കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഭിന്നശേഷി ഉള്ളവരുടെ സാമൂഹ്യ സമത്വവും സമാനതയും ഉറപ്പിക്കുന്നതിനുവേണ്ടി ശരിയായ പരിചരണവും, സംരക്ഷണവും, പുനരധിവാസവും ഒഴിച്ചുകൂടാനാവാത്തതാണ്.

സമൂഹത്തിൻറെ എല്ലാത്തുറകളിലും ഭിന്നശേഷിക്കാർ പലവിധത്തിലുള്ള വെല്ലുവിളികൾ നേരിടുന്നുണ്ട്. ദുരന്തത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് ഭിന്നശേഷിക്കാർ ആണ്. ശാരീരിക വെല്ലുവിളികൾ

നേരിടുന്നവർക്ക് പരസഹായം കൂടാതെ അപകടസ്ഥലത്ത് നിന്ന് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറുവാൻ സാധിച്ചെന്നുവരില്ല. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കാകട്ടെ ദുരന്ത സമയത്തു ചെയ്യേണ്ട കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാനും പാലിക്കാനും ബുദ്ധിമുട്ടുണ്ടായേക്കാം. എന്നാൽ ശരിയായ പരിശീലനം ഉണ്ടെങ്കിൽ ഈ അവസ്ഥക്ക് ഒരു പരിധിവരെ മാറ്റം വരുത്താൻ സാധിക്കും. ഈ ലക്ഷ്യം മുൻനിർത്തി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2016 ൽ തുടക്കം കുറിച്ച പദ്ധതിയാണ് "ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം". ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയുള്ള ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭിന്നശേഷിക്കാരായവരെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ മുഖ്യ ധാരയിൽ കൊണ്ടുവരുന്നതിനും, അവരെ അതിൻറെ എല്ലാ ഘട്ടങ്ങളിലും ഉൾപ്പെടുത്തുന്നതിനായും ഈ പദ്ധതി ശ്രമിക്കുന്നു.

## പദ്ധതിയെപ്പറ്റി

2016 മെയ് 11 ന് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം അഡിഷണൽ ചീഫ് സെക്രട്ടറി (റവന്യൂ - ദുരന്ത നിവാരണ വകുപ്പ്) തലസ്ഥാന നഗരിയിൽ വച്ചു നിർവഹിക്കുകയും അതോടൊപ്പം ഭിന്നശേഷി മേഘലയിലും, ദുരന്ത നിവാരണ മേഖലയിലും പ്രവർത്തിക്കുന്ന വിദഗ്ദ്ധരായിട്ടുള്ളവരുടെ കൂടിയാലോചനാ യോഗവും സംഘടിപ്പിച്ചു. ഇതേതുടർന്ന്, 2016 ജൂൺ 30-ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ ശില്പശാലയും സംഘടിപ്പിച്ചു. വിവിധ ഭിന്നശേഷിക്കാരോടു കൂടിയാലോചിക്കുകയും ചെയ്തതിനു ശേഷം അതോറിറ്റി പരിശീലകർക്കായുള്ള കൈപ്പുസ്തകം തയ്യാറാക്കുകയുണ്ടായി. ഈ കൈപ്പുസ്തകം 2016 ഡിസംബർ 7നു, ബഹു. റവന്യൂ - ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ. ഇ.ചന്ദ്രശേഖരൻ തിരുവനന്തപുരം ഐ.എം.ജി യിൽ വച്ച് പ്രകാശനം ചെയ്യുകയും പരിശീലകർക്കു വേണ്ടിയുള്ള പരിശീലനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.



ബഹു. റവന്യൂ - ദുരന്ത നിവാരണ മന്ത്രി കൈപ്പുസ്തകം പ്രകാശനം ചെയ്യുന്നു

## പരിശീലനങ്ങൾ


കാഴ്ചാ വൈകല്യം നേരിടുന്നവർ പ്രഥമ ശുശ്രൂഷയിൽ പരിശീലനം നേടുന്നു

ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കുന്നതിനു മുന്നോടി ആയി പരിശീലകർക്കുവേണ്ടിയുള്ള ആദ്യ ഘട്ട പരിശീലനം 2016 ഡിസംബർ 7 മുതൽ 9 വരെ നടത്തുകയുണ്ടായി. 14 ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ പ്രതിനിധീകരിച്ചു ഉദ്യോഗസ്ഥരും 15 സർക്കാർരിതര സ്ഥാപനങ്ങളിൽ നിന്നുമായി 42 പേര് ആണ് ഈ പരിശീലനത്തിൽ പങ്കെടുത്തത്. ഇതേതുടർന്ന് എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറെർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്) ൻറെ സഹകരണത്തോടെ രണ്ടു പരിശീലനങ്ങൾ കൂടി നടത്തിയിരുന്നു. മൂന്നു പരിശീലനങ്ങളിലായി ഏകദേശം 140 പരിശീലകർക്കും അതോടൊപ്പം സന്നദ്ധ സംഘടനകൾക്കും കഴിഞ്ഞ വർഷങ്ങളിൽ പരിശീലനം നൽകിക്കഴിഞ്ഞു.

## പരിശീലന സഹായി


ബ്രയിൽ ലിപിയിലുള്ള പരിശീലന സഹായി

പരിശീലനത്തിന്റെ ഫലപ്രാപ്തിക്കായി ഭിന്നശേഷി സൗഹൃദപ്രദമായ പരിശീലന സഹായി വികസിപ്പിക്കുന്നത് അനിവാര്യമായിരുന്നു. അതുകൊണ്ട് പരിശീലനത്തിനായി ബ്രയിൽ ലിപിയിലുള്ള കൈപ്പുസ്തകം, ആംഗ്യ ഭാഷയിലുള്ള വീഡിയോകൾ, ലഘുലേഖകൾ, ഡെയ്സി സോഫ്റ്റ്വെയർ ശബ്ദരേഖ എന്നിവ നിർമ്മിച്ചു. നിഷ് തിരുവനന്തപുരം, കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, ഇംപാക്ട് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആണ് പരിശീലന സഹായി ഉണ്ടാക്കിയിരിക്കുന്നത്. ഇവ പരിശീലനാർത്ഥികൾക്കു വിതരണം ചെയ്യുന്നുണ്ട്

## ജില്ലാ തല പരിശീലനം


ആംഗ്യ ഭാഷയിലുള്ള നിർദ്ദേശങ്ങൾ

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ സാമൂഹ്യ നീതി വകുപ്പിൻറ്റെയും സഹകരണത്തോടെ ആണ് ജില്ലാതല പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ജില്ലാ തല പരിശീലനങ്ങൾക്കു തുടക്കം കുറിച്ചത് 2018 മാർച്ച് 19 ന് കോട്ടയത്താണ്. ഭിന്നശേഷിക്കാരുടെ പരിശീലനത്തിൽ വിദഗ്ദ്ധരായ കോട്ടയം എം.ജി യൂണിവേഴ്സറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറ്റർ യൂണിവേഴ്സിറ്റി സെന്ററർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്)-ൻറെ ആണ് ജില്ലാ തല പരിശീലനങ്ങൾക്കു മേൽനോട്ടം വഹിക്കുന്നത്. നാലു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികളിൽ വിവിധങ്ങളായ വെല്ലുവിളികൾ (കാഴ്ച, ശ്രവണ-സംസാര, ശാരീരിക വെല്ലുവിളികൾ, മാനസിക വെല്ലുവിളികൾ) നേരിടുന്നവർക്ക് പ്രത്യേക പരിശീലനം ക്രമീകരിച്ചിട്ടുണ്ട്. കോട്ടയം, തൃശൂർ, ഇടുക്കി ജില്ലകളിലെ പരിശീലനം പൂർത്തിയാക്കി. മറ്റു ജില്ലകളിലെ പരിശീലനം അടുത്ത ചില മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തിയാക്കാനുള്ള എല്ലാവിധ ക്രമീകരണങ്ങളും അതോറിറ്റി സ്വീകരിച്ചു കഴിഞ്ഞു.

ജില്ലാ തലത്തിലുള്ള പരിശീലനങ്ങളിൽ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ, ദുരന്തത്തെ അതിജീവിക്കാനുള്ള നൈപുണ്യം, പ്രഥമ ശുശ്രൂഷ, എന്നിവ ചർച്ച ചെയ്യുകയും ഭിന്നശേഷിക്കാരായവരെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ രക്ഷിതാക്കളെ ആണ് പരിശീലനത്തിൽ ഉൾപ്പെടുത്തുന്നത്. ഏകദേശം 3000 ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കാൻ അതോറിറ്റി ഒരുങ്ങിക്കഴിഞ്ഞു. പരിശീലനാർത്ഥികളായിട്ടുള്ള എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകുന്നുണ്ട്.